JTPAC, Choice House,
PV Sreedharan Road, Kumbalam,
Cochin-682 506, Kerala, India. Tel. +91 484 3019700
Email: info@jtpac.org www.jtpac.org

# ലോകോത്തര സാംസ്കാരിക കേന്ദ്രം കൊച്ചിയിൽ

ഇന്ത്യയിലെ ആദ്യത്തെ പെർഫോമിംഗ് ആർട്ട് സെന്ററായ ജെ.ടി.പാക് (ജെ.ടി പെർഫാമിംഗ് ആർട്ട് സെന്റർ) സ്ഥാപിക്കപ്പെടുന്നതോടെ കൊച്ചി കേരളത്തിന്റെ സാംസ്കാരിക തലസ്ഥാനമാകും. ഈ കേന്ദ്രത്തിന്റെ ലോഗോ പ്രകാശനം ഇന്ന് കൊച്ചിയിലെ ചോയ്സ് ഹൗസിൽ വച്ച് നിർവ്വഹിക്കപ്പെടും.

പത്മശ്രീ മോഹൻലാൽ, കലാസ്വാദകനും ചോയ്സ് ഗ്രൂപ്പ് ചെയർമാനുമായ ശ്രീ. ജോസ് തോമസ് എന്നിവർ ചേർന്ന് വിഭാവനം ചെയ്ത ഈ കേന്ദ്രം കേരളത്തെ കലയുടെ സിരാകേന്ദ്രമാക്കും. ദേശീയ അവാർഡ് ജേതാവായ സംവിധായകൻ ശ്രീ. ടി.കെ രാജീവ് കുമാർ ആണ് ഈ കേന്ദ്രത്തിന്റെ ആർട്ടിസ്റ്റിക് ഡയറക്ടർ.

നമ്മുടെ സമ്പന്നമായ സാംസ്കാരിക പൈതൃകം സംരക്ഷിക്കുവാനും പരിപോഷിപ്പിക്കുവാനും ലോകത്തിനു മുമ്പിൽ കാഴ്ച്ചവയ്ക്കാനുമുള്ള ഒരു വേദി ഒരുക്കുക എന്ന ദർശനമാണ് ജെ.ടി. പാകിനു പിന്നിൽ.

ഓരോ വാരാന്ത്യത്തിലും ലോകമെമ്പാടും നിന്നുള്ള സംഗീതം, നാടൻ കലാരൂപങ്ങൾ, നാടകങ്ങൾ എന്നിവ ഇവിടെ അരങ്ങേറും. കേരളത്തിന്റെ തനതായ നാടൻ കലാരൂപങ്ങളുടെ പുനരുജ്ജീവനത്തിന് പ്രത്യേക ഊന്നൽ നൽകപ്പെടും. ഇതിനോടൊപ്പം, സെന്റർ സ്വന്തമായി നിർമ്മിച്ച്, വിശ്വവിഖ്യാതരായ കലാകാരൻമാർ സംവിധാനം ചെയ്ത സംഗീത-നൃത്ത-നാടകങ്ങളും ഇവിടെ അവതരിപ്പിക്കപ്പെടും.

പ്രൊഡക്ഷൻ ഡിസൈനിങ്ങിലേയും ടെക്നോളജിയിലേയും വിദഗ്ധർ രൂപകൽപ്പന ചെയ്ത ഈ സെന്ററിൽ 700 പേർക്കുള്ള ഇരിപ്പിട സൗകര്യമുണ്ടാകും. ഇന്ത്യയിലെ ഏറ്റവും ബൃഹത്തായ റിസർച്ച് സെന്റർ സ്വന്തമായിട്ടുള്ള ജെ.ടി.പാകിൽ ലോകമെമ്പാടും നിന്നുള്ള പ്രഗല്ഭർ അവതരിപ്പിക്കുന്ന പരിശീലന പരിപാടികളും വർക്ക്ഷോപ്പുകളും ഉണ്ടായിരിക്കും.

പുതിയ തലമുറയ്ക്ക് നമ്മുടെ സാംസ്കാരിക സമ്പത്തിനെക്കുറിച്ചുള്ള പുത്തനറിവുകൾ പകരാനായി പ്രത്യേക പരിപാടികളും ഇവിടെ സംഘടിപ്പിക്കപ്പെടും. കലാസാംസ്കാരിക രംഗത്തെ പ്രശസ്തർ അടങ്ങുന്ന ഉപദേശകസമിതിയായിരിക്കും ജെ.ടി.പാക്-നെ നയിക്കുന്നത്.കലാസ്വാദകർക്ക് ഒരു കേന്ദ്രം എന്നതിലുപരി കേരളത്തിന്റെയും കൊച്ചിയുടെയും ഒരു പുതിയ ടൂറിസം ആകർഷണം കൂടിയായിരിക്കും ജെ.ടി.പാക്.